ഉണ്ട്. ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള പ്രതല നവീകരണത്തിനായി NRMB (നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ആണ് സാധാരണയായി ഉപയോഗിച്ചുവരുന്നത്.

(ബി) നിലവിൽ ഇത്തരം ടാറിംഗ് നടത്തിയിട്ടുള്ള റോഡുകളുടെ ഈട് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ശരാശരി എത്രകാലം ഇവ കേടുകൂടാതെ നിലനിൽക്കുമെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല. കാലാവസ്ഥാ വ്യതിയാനം, ഗതാഗത തീവ്രത എന്നിവമൂലം ഇത്തരം റോഡുകൾ ശരാശരി ഏഴുവർഷം നിലനിൽക്കുന്നതായി കാണുന്നു.

(സി) ഇത്തരം ടാറിംഗ് വിജയകരമാണെങ്കിൽ കൂടുതൽ റോഡുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് നടപടി

54(4064) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് പുതിയ നിർമ്മാണരീതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നു. റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനരുപയോഗിക്കുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിന് സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. ഇതിലൂടെ പരിസ്ഥിതിക്ക് ഹാനികരമായ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം ഈടുറ്റ റോഡുകളുടെ നിർമ്മാണം നടപ്പിലാക്കാനും സാധിക്കുന്നു. കെട്ടിടനിർമ്മാണം, പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹരിതനിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഊർജ്ജോപയോഗത്തിനുവേണ്ടി സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തുകയും പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിച്ച് ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുകയും കെട്ടിട നിർമ്മാണത്തിനായി മരങ്ങൾ മുറിക്കുന്നത് പരമാവധി ഒഴിവാക്കുകയും ചെയ്യുന്നു. പ്രാദേശികമായി ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ പരമാവധി ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്. ഭൂമിയുടെ പ്രകൃത്യാലുള്ള ചെരിവ് നിലനിർത്തിക്കൊണ്ടുള്ള നിർമ്മാണ രീതികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നിലവിൽ കെട്ടിട വിഭാഗത്തിനുകീഴിൽ 15 കോടി രൂപയ്ക്ക് മുകളിലുള്ള കെട്ടിടനിർമ്മാണ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ എൺവയോൺമെന്റ് & സോഷ്യൽ മാനേജ്മെന്റ് യൂണിറ്റിൽ സമർപ്പിച്ച് പ്രസ്തുത പദ്ധതികൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക ആഘാതനിർണ്ണയം നടത്തുകയും ആയത് തരണം ചെയ്യുന്നതിനായി പരിസ്ഥിതി പരിപാലന പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. പാലങ്ങൾ വിഭാഗം ചെയ്യുന്ന പ്രവൃത്തികളിൽ പുനരുപയോഗ സാധ്യതയുള്ള പാറ ഉപയോഗിച്ചുള്ള നീരൊഴുക്കിന് വിഘാതം തട്ടാതെയുള്ള ഗാബിയോൺ വാൾ, DR വാൾ എന്നിവ ഉൾപ്പെടുത്തിയുള്ള നിർമ്മാണ രീതി അവലംബിക്കാറുണ്ട്. കയർ ജിയോടെക്സ്റ്റൈൽ പോലുള്ള തികച്ചും പരിസ്ഥിതി സൗഹൃദ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് സോയിൽ സ്റ്റെബിലൈസേഷൻ, എംബാങ്ക്മെന്റ് പ്രൊട്ടക്ഷൻ എന്നിവ നടത്തിവരുന്നു. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി പാലത്തിന്റെ സ്പാനുകളുടെ നീളം വർദ്ധിപ്പിക്കുകയും പുഴയുടെ ഒഴുക്കിനേയും ആവാസവ്യവസ്ഥയേയും തടസ്സപ്പെടാത്തവിധം പരിസ്ഥിതി സൗഹൃദമായി നിർമ്മാണം നടത്തുകയും ചെയ്യുന്നു.

(ബി) എല്ലാ മഴക്കാലത്തും തകരുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ?

എല്ലാ മഴക്കാലത്തും തകരുന്ന റോഡുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പുനർനിർമ്മാണത്തിന് ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.